Malappuram District Police

# ഹൈടെക് സൈബർ തട്ടിപ്പ് : കാമറൂൺ സ്വദേശിയെ അറസ്റ്റ് ചെയ്തു

**മഞ്ചേരി: (02.05.2019)**
ഹൈടെക് സാങ്കേതിക വിദ്യകളുപയോഗിച്ച് വിവിധ രീതിയിലുള്ള ഓൺലൈന് തട്ടിപ്പുകള് നടത്തിവരികയായിരുന്ന സംഘത്തില് ഒളിവിലായിരുന്ന കാമറൂൺ നോർത്ത് വെസ്റ്റ് റീജ്യന് സ്വദേശിയായ ഞ്ചോബാര ഷേ ൻഷാഞ്ചി (32 വയസ്സ്) എന്നയാളെ മഞ്ചേരി പോലീസ് കഴിഞ്ഞ ദിവസം പുലർച്ചെ ഹൈദരാബാദ് രാജേന്ദ്രനഗറില് നിന്നും അറസ്റ്റ് ചെയ്തു.

പ്രതിയുടെ താമസസ്ഥലം രഹസ്യമായി ലൊക്കേറ്റ് ചെയ്ത ശേഷം പുലർച്ചെ നടത്തിയ ഓപ്പറേഷനിലൂടെയാണ് പ്രതിയെ കണ്ടെത്താൻ സാധിച്ചത്.

സ്റ്റുഡന്റ് വിസയിലാണ് പ്രതി ഇന്ത്യയില് വന്നത്.

പ്രതിയുടെ താമസസ്ഥലം രഹസ്യമായി ലൊക്കേറ്റ് ചെയ്ത ശേഷം പുലർച്ചെ നടത്തിയ ഓപ്പറേഷനിലൂടെയാണ് അതിസാഹസികമായാണ് പ്രതിയെ അറസ്റ്റ് ചെയ്യാൻ സാധിച്ചത്.

പ്രതിയുമായുണ്ടായ മൽപ്പിടുത്തതില് ഒരു പോലീസുദ്യോഗസ്ഥന് പരിക്കേറ്റു.

ഓൺലൈന് തട്ടിപ്പ് കേസുമായി ബന്ധപ്പെട്ട് കാമറൂണ്, നൈജീരിയ സ്വദേശികളടക്കം പതിനൊന്ന് പേരെയാണ് മഞ്ചേരി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത രണ്ട് കേസുകളിലായി കഴിഞ്ഞ അറസ്റ്റ് ചെയ്തത്.

ഇതര സംസ്ഥാനങ്ങളിലുള്ളവരും, മറ്റ് രാജ്യക്കാരും ഇവരുടെ തട്ടിപ്പിനിരയായിട്ടുണ്ടെന്ന് സൂചനകൾ ലഭിച്ചിട്ടുണ്ട്.

കോടിക്കണക്കിന് രൂപയുടെ സാമ്പത്തിക തട്ടിപ്പുകൾ പ്രതികളുൾപ്പെട്ട സംഘം നടത്തിയതായി കണ്ടെത്തിയിട്ടുണ്ട്.

രാജ്യത്തെ വിവിധ യൂണിവേഴ്സിറ്റികൾക്ക് കീഴിലുള്ള കോളേജുകളില് പഠനം നടത്താനെന്ന മട്ടിലും വൈദ്യസഹായങ്ങൾക്കെന്ന പേരിലും വിസ സംഘടിപ്പിച്ച് വരുന്ന ഇത്തരം തട്ടിപ്പുകാര് കോളേജുകളില് കൃത്യമായി പോകാതെ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട് ധനാപഹരണം നടത്തുകയാണ് ചെയ്യുന്നത്.

മഞ്ചേരിയിലെ മെഡിക്കൽ മൊത്തവിതരണ സ്ഥാപന ഉടമയെ ഉത്പന്നം വാഗ്ദാനം ചെയ്ത് തട്ടിപ്പ് നടത്തുകയും പിന്നീട് ഇതേ സ്ഥാപനത്തിന്റെ പേരും റസീപ്റ്റുകളും വെബ്സൈറ്റും മറ്റും ഉപയോഗിച്ച് വിവിധ

ഉത്പന്നങ്ങൾ വാഗ്ദാനം ചെയ്ത് മറ്റുള്ളവരില് നിന്നും പണം തട്ടിയെടുത്തെന്ന കേസിന്റെ അന്വേഷണത്തിലാണ് പ്രതി പിടിയിലാകുന്നത്.

കേസിലെ പ്രതികൾ പഞ്ചാബ് ലുധിയാന, ഉത്തർപ്രദേശിലെ ആഗ്ര, മധ്യപ്രദേശിലെ റീവ, ഗുജറാത്ത് അഹമ്മദാബാദ്, ഗോവ, ബാംഗ്ലൂർ, ഹൈദരാബാദ്, തിരുവനന്തപുരം തുടങ്ങി നിരവധി സ്ഥലങ്ങളിൽ സമാനമായ കേസുകളിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് വിവരം ലഭിച്ചിട്ടുണ്ട്.

മലപ്പുറം ജില്ലാ പോലീസ് മേധാവി പ്രതീഷ് കുമാറിന്റെ നിർദ്ദേശപ്രകാരം ഡി.വൈ.എസ്.പി ജലീൽ തോട്ടത്തില്, സിഐ എൻ.ബി. ഷൈജു എന്നിവരുടെ മേൽനോട്ടത്തിൽ സൈബർ ഫോറൻസിക് ടീം അംഗം എൻ.എം. അബ്ദുല്ല ബാബു, സ്പെഷ്യൽ ഇൻവെസ്റ്റിഗേഷന് ടീം അംഗങ്ങളായ ടി.പി. മധുസൂദനൻ, ഷഹബിൻ, സൽമാന്, എം.പി. ലിജിൻ എന്നിവരാണ് ഹൈദരാബാദില് നിന്നും പ്രതിയെ അറസ്റ്റ് ചെയ്തത്.

*************************************************************

**<u>മഞ്ചേരി പോലീസിന് ഡൽഹി ഹൈക്കോടതിയുടെ പ്രത്യേക പരാമർശം:</u>**

ഡൽഹിയില് അനധികൃതമായി താമസിക്കുന്ന വിദേശികളെ കണ്ടെത്തി നാലാഴ്ചക്കകം നടപടിയെടുക്കാൻ ഡൽഹി പോലീസിനും എഫ് ആര് ആര് ഒ-ക്കും ഡൽഹി ഹൈക്കോടതി ഡിവിഷന് ബഞ്ചിന്റെ ഉത്തരവ്.

കഴിഞ്ഞ ഫെബ്രുവരിയിൽ ഡൽഹിയില് നിന്നും മഞ്ചേരി പോലീസ് സൈബര് ഫോറൻസിക് ടീം ഓൺലൈന് തട്ടിപ്പ് സംഘത്തിലെ പ്രധാനിയായ ഒച്ചുബ കിങ്സ്ലി ഉഗോണ്ണ എന്ന കിങ്സ്റ്റൺ ദുബെയെ ഡൽഹി കക്രോലയില് നിന്നും അറസ്റ്റ് ചെയ്തതിനോടനുബന്ധിച്ച് ഇയാളുടെ സംഘത്തിലെ അംഗങ്ങള് ഡൽഹി ഹൈക്കോടതിയില് ഇയാളെ അനധികൃതമായി കടത്തിക്കൊണ്ടുപോയതായി തെറ്റിദ്ധരിപ്പിച്ച് ഫയൽ ചെയ്ത ഹേബിയസ് കോർപ്പസ് ഹരജി തള്ളിയാണ് കോടതി വിധി.

മഞ്ചേരി പോലീസിന്റെ നടപടിയിലൂടെ അഞ്ച് വർഷത്തോളമായി അനധികൃതമായി രാജ്യത്ത് താമസിക്കുകയായിരുന്ന നൈജീരിയൻ സ്വദേശി അറസ്റ്റിലായതുമായി ബന്ധപ്പെട്ടാണ് ഡൽഹി ഹൈക്കോടതി ഇത്തരത്തില് വിധി പ്രസ്താവിച്ചത്.

രാജ്യത്ത് അഞ്ച് വർഷത്തോളമായി അനധികൃതമായി താമസിക്കുകയായിരുന്ന പ്രതിയെ മഞ്ചേരി പോലീസ് അറസ്റ്റ് ചെയ്യുന്നതുവരെ കണ്ടെത്താൻ സാധിച്ചില്ല എന്നും ഇക്കാര്യത്തിൽ കർശ നടപടികള് സ്വീകരിക്കണമെന്നും തുടങ്ങി വിശദമായ നിർദ്ദേശങ്ങളാണ് ഡൽഹി ഹൈക്കോടതി പുറപ്പെടുവിച്ചിട്ടുള്ളത്.

നൈജീരിയക്കാരനായ ഇയാൾ സൌത്ത് ആഫ്രിക്കന് പാസ്പോർട്ട് ഉപയോഗിച്ച് വ്യാജ വിസയിലാണ് ഇന്ത്യയിൽ താമസിച്ചിരുന്നതെന്ന് മഞ്ചേരി പോലീസ് കണ്ടെത്തിയിരുന്നു.